**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം – 2010–11 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടൽ – നടപടിക്രമങ്ങൾ നിശ്ചയിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ. 257/2009/തസ്വഭവ     തിരുവനന്തപുരം, തീയതി: 30–12–2009

പരാമർശം: (1) സ.ഉ.(എം.എസ്) നമ്പർ 128/2007/തസ്വഭവ, തീയതി. 14.05.2007
(2) സ.ഉ. (എം.എസ്) നമ്പർ 183/2007/തസ്വഭവ, തീയതി. 24.07.2007
(3) സർക്കുലർ നമ്പർ 69989/ഡി.എ.1/2007/തസ്വഭവ;തീയതി 31.12.2007
(4) സ.ഉ.(എം.എസ്) നമ്പർ 17/2008/തസ്വഭവ; തീയതി 16.01.2008
(5) സ.ഉ. (എം.എസ്) നമ്പർ 39/2008/തസ്വഭവ ;തീയതി 11.02.2008
(6) സ.ഉ.(എം.എസ്) നമ്പർ. 73/2008/തസ്വഭവ;തീയതി 13.03.2008
(7) സ.ഉ.(എം.എസ്) നമ്പർ. 199/2008/തസ്വഭവ; തീയതി 11.07.2008
(8) സർക്കുലർ നമ്പർ 52936/ഡി.എ1/2008/തസ്വഭവ, തീയതി 11.08.2008
(9) സർക്കുലർ നം. 61128/ഡി.ബി..2/2009/തസ്വഭവ; തീയതി 19.11.2009
(10)സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
(11)സ.ഉ.(സാധാ)നം.3246/2009/തസ്വഭവ; തീയത 07.12.2009
(12)സ.ഉ.(സാധാ)നം.3282/2009/തസ്വഭവ ; തീയതി 10.12.2009
(13)സർക്കുലർ നം.73116/ഡി.എ1/2009/തസ്വഭവ; തീയതി 10.12.2009
(14) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 16.12.2009–ലെ തീരുമാനം.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിനുള്ള മാർഗരേഖ പരാമർശം ഒന്ന് പ്രകാരവും സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ പരാമർശം രണ്ട് പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖകൾക്ക് പരാമർശം മൂന്ന് മുതൽ 13 വരെയുള്ള സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ മുഖേന അധിക മാർഗനിർദ്ദേശങ്ങളും വിശദീകരണങ്ങളും നൽകിയിട്ടുണ്ട്.

2. 2010 ഏപ്രിൽ 1–ന് നിർവഹണം ആരംഭിക്കാൻ കഴിയുംവിധം അടുത്ത വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കണമെന്ന് 16.12.2009–ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയോഗം ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ 2010–11 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

3. 2010–11 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുന്നതിന്, മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന നിശ്ചയിച്ചുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ അവശേഷിക്കുന്ന കാലയളവിൽ (2010–12) ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് ഉത്പാദന മേഖലയ്ക്ക് നിർബന്ധമായും വകയിരുത്തേണ്ട കുറഞ്ഞ വിഹിതം 30 ശതമാനവും

പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ പരിധി 30 ശതമാനവും ആയിരിക്കും. അതുപോലെ എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിൽ നിന്ന് പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ പരിധിയും 30 ശതമാനമായിരിക്കും. മേഖലാ വകയിരുത്തൽ സംബന്ധിച്ച മറ്റ് മാർഗനിർദ്ദേശങ്ങൾക്ക് മാറ്റമില്ല.

5. 2009–10–ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് ഇനങ്ങളിൽ നടപ്പുവർഷത്തേക്ക് അനുവദനീയമായ വിഹിതത്തിന്റെ 10 ശതമാനം അധികം ഉൾപ്പെടെ അടുത്തവർഷം (2010–11) ലഭിക്കുമെന്ന് കണക്കാക്കി അതിനനുസൃതമായി വാർഷിക പദ്ധതി തയ്യാറാക്കാവുന്നതാണ്. വികസനഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും വിനിയോഗത്തിൽ 2008–09–ൽ ഷോർട്ട്ഫോൾ ഉണ്ടായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഷോർട്ട്ഫാൾ തുക കുറവു ചെയ്ത് ബാക്കി ലഭ്യമായ വിഹിതത്തിനു മാത്രമേ പദ്ധതി തയ്യാറാക്കാൻ പാടുള്ളൂ. ഈ രീതിയിൽ ലഭ്യമാകാവുന്ന തുകയ്ക്ക് അനുസൃതമായി മേഖലാ നിബന്ധനകൾ പാലിച്ച് പുതിയ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും മുൻ വർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2010–11 വർഷത്തെ വിഹിതം കൂടി ഉൾപ്പെടുത്തിയ വാർഷിക പദ്ധതിക്ക് അംഗീകാരം നേടേണ്ടതുമാണ്. മുൻവർഷങ്ങളിലെ ന്യൂനതകൾ പരിഹരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അവ പൂർണ്ണമായും പരിഹരിക്കണം.

6. 2010–11 വാർഷിക പദ്ധതിയിൽ പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

7. 2010–11–ൽ തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവർ പ്രോജക്ടുകൾക്ക് അവയുടെ ക്യാരിഓവർ വിഹിതം കൂടാതെ 2010–11–ൽ ലഭിക്കുന്ന വിഹിതം കൂടി വകയിരുത്തേണ്ടി വരുമെന്ന് മുൻകൂട്ടി കണക്കാക്കാൻ കഴിയുമെങ്കിൽ ഓരോ മേഖലയിലും ഇപ്രകാരം വേണ്ട അധികവിഹിതം "പ്രോജക്ടുകൾക്ക് വകയിരുത്താത്ത വിഹിതമായി" (unallocated share) അതത് മേഖലയിൽ നീക്കിവയ്ക്കേണ്ടതാണ്.

8. പ്രോജക്ടുകളോടൊപ്പം ആസൂത്രണ നടപടികൾ സംബന്ധിച്ച രേഖകളും പദ്ധതി രേഖകളും സമർപ്പിക്കണം.

9. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ വാർഷിക പദ്ധതി 2010–11 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

10. നടപ്പു സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം 2010–11 വാർഷിക പദ്ധതിയിൽ തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവർ പ്രോജക്ടുകളെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതും ചുവടെ ചേർത്തിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

10.1 2009–10 വാർഷിക പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, മേഖലാ വിഭജനത്തിൽപ്പെടാത്ത പ്രോജക്ടുകൾ, വനിതാ ഘടക പദ്ധതി, ശിശുക്കൾ–വൃദ്ധർ–ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ പദ്ധതി, ഉത്പാദനം, ചേരിവികസനം മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതികൾക്ക്/മേഖലകൾക്ക്/അനിവാര്യ പരിപാടികൾക്ക് വകയിരുത്തിയതിൽ ചെലവഴിക്കാൻ കഴിയാതെ ബാക്കിവരുന്ന തുക അതത് പ്രത്യേക പദ്ധതികൾക്ക്/മേഖലകൾക്ക്/പരിപാടികൾക്ക് തന്നെ ചെലവഴിക്കണം.

10.2 2010–11 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ; അതായത് 2010 ഏപ്രിൽ ആദ്യവാരത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർത്ത് 2009–10 വാർഷിക പദ്ധതിയിൽപ്പെട്ട പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതാണ്. ആ യോഗത്തിൽ വെച്ച് 2009–10–ലെ ചെലവുകണക്കുകളും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രവും തയ്യാറാക്കണം. ഇതിനുപുറമെ പൂർത്തീകരിച്ച പ്രോജക്ടുകൾ, നിർവഹണം പൂർത്തിയാകാത്തതു കൊണ്ടോ നിർവഹണം പൂർത്തിയായെങ്കിലും

പെയ്മെന്റ് നൽകാൻ ബാക്കിയുള്ളതുകൊണ്ടോ സ്പിൽഓവറായി തുടരേണ്ട പ്രോജക്ടുകൾ, നിർവഹണം ആരംഭിക്കാത്തതിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ, നിർവഹണം പൂർത്തിയായില്ലെങ്കിലും പാഴ്ചെലവ് വരാത്ത രീതിയിൽ നിർത്തിവയ്ക്കുന്ന പ്രോജക്ടുകൾ എന്നിവയുടെ പട്ടികയും തയ്യാറാക്കണം. അതോടൊപ്പം തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവൽ പ്രോജക്ടുകൾക്ക് മതിയായ ക്യാരിഓവർ വിഹിതം ലഭ്യമാണോയെന്ന് പരിശോധിക്കുകയും വേണം. ജല അതോറിട്ടിക്ക് വെള്ളക്കരം, പി.എം.ജി.എസ്.വൈ. റോഡുകളുടെ മെയിന്റനൻസ് വിഹിതം തുടങ്ങിയ ബാധ്യതകൾ ഉറവിടത്തിൽ (deduction at source) വച്ചുതന്നെ കുറവ് ചെയ്യുക, എസ്റ്റിമേറ്റ് പുതുക്കുക മുതലായ സന്ദർഭങ്ങളിൽ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് മതിയായ ക്യാരിഓവർ വിഹിതം ഉണ്ടാകണമെന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ അധിക തുക വേണ്ട സ്പിൽഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്നും ഓരോ പ്രോജക്ടിനും എന്ത് തുക അധികം വേണമെന്നും കണക്കാക്കണം.

10.3 മതിയായ ക്യാരിഓവർ വിഹിതം ലഭ്യമായ സ്പിൽഓവർ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം തുടർന്ന് നടപ്പാക്കാവുന്നതാണ്.

10.4 ഒരു സ്പിൽഓവർ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് ആ പ്രോജക്ടിൽ ലഭ്യമായ ക്യാരിഓവർ വിഹിതത്തിന് ഉപരിയായി തുക ആവശ്യമുണ്ടെങ്കിൽ ആ മേഖലയിൽ പൂർത്തിയാകാത്ത ഏതെങ്കിലും പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന തിലൂടെ ലഭിക്കുന്ന വിഹിതമോ അതല്ലെങ്കിൽ പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം ബാക്കിവന്ന തുകയോ വകയിരുത്താവുന്നതാണ്. 2010–11–ലെ വിഹിതത്തിൽ നിന്ന് ഓരോ മേഖലയിലും പ്രോജക്ടുകൾക്ക് വകയിരുത്താതെ വിഹിതം മാറ്റി വച്ചിട്ടുണ്ടെങ്കിൽ (unallocated share) ആ വിഹിതം ഉപയോഗിക്കാവുന്നതാണ്. ഈ രീതിയിൽ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ 2010–11 വാർഷിക പദ്ധതിയിൽ അംഗീകാരം നേടിയ ഏതെങ്കിലും പുതിയ പ്രോജക്ട് ഭേദഗതി ചെയ്ത് തുക കണ്ടെത്തണം. 2010–11 വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയ പ്രോജക്ട് ഭേദഗതി ചെയ്താണ് വിഹിതം കണ്ടെത്തുന്നതെങ്കിൽ ഭേദഗതി ചെയ്യുന്ന പ്രോജക്ടിന് ടി.എ.ജി. പരിശോധനയും ജില്ലാ ആസൂത്രണ സമിതിയുടെ പുതുക്കിയ അംഗീകാരവും ആവശ്യമാണ്. ഇപ്രകാരം 2010–11–ലെ വിഹിതത്തിൽ നിന്ന് അധിക വിഹിതം കണ്ടെത്തുന്നത് മേഖലാ നിബന്ധനകൾക്ക് അനുസൃതമായിരിക്കണം.

10.5 ലഭ്യമായ ക്യാരിഓവർ വിഹിതം വിനിയോഗിച്ച് പൂർത്തിയാക്കാൻ കഴിയുന്ന സ്പിൽഓവർ പ്രോജക്ടുകൾക്ക് ടി.എ.ജി പരിശോധനയും ഡി.പി.സി അംഗീകാരവും ആവശ്യമില്ല. ക്യാരിഓവർ വിഹിതം മതിയാകാതെ അധിക തുക ആവശ്യമായി വരികയാണെങ്കിൽ മാത്രം ടി.എ.ജി. പരിശോധനയും ഡി.പി.സി. അംഗീകാരവും വേണം. ഒരു സ്പിൽഓവർ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് ആ പ്രോജക്ടിൽ ലഭ്യമായ ക്യാരിഓവർ വിഹിതത്തിൽ കൂടുതൽ ആവശ്യമായി വരുന്ന സന്ദർഭത്തിൽ അധികം ആവശ്യമായ തുകയുടെ വിവരങ്ങൾ പ്രത്യേക ഫോറത്തിൽ സമർപ്പിച്ച് അംഗീകാരം നേടാവുന്നതാണ്. പരിശോധനയ്ക്കായി ഒറിജിനൽ പ്രോജക്ടിന്റെ പകർപ്പ് കൂടി നൽകണം.

10.6 ഈ രീതിയിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2010–11 വാർഷിക പദ്ധതി പരിഷ്കരിച്ച് 2010 ഏപ്രിൽ 30–നകം അംഗീകാരം നേടണം. അംഗീകാരം നേടിയ അതേ രീതിയിൽ 2009–10 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ നടപ്പാക്കുകയും സ്പിൽഓവർ പ്രോജക്ടുകൾക്ക് മതിയായ ക്യാരിഓവർ വിഹിതം ലഭ്യമാകുന്നതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ 2010–11 വാർഷിക പദ്ധതി പരിഷ്കരിച്ച് അംഗീകാരം നേടേണ്ടതില്ലെങ്കിലും നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി സ്പിൽഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

10.7 സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുസൃതമായി പദ്ധതിരേഖയും പരിഷ്കരിക്കേണ്ടതാണ്. ഇപ്രകാരം പരിഷ്കരിച്ച അന്തിമ പദ്ധതിരേഖയുടെ ഒരു കോപ്പി സ്പിൽഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങളോടൊപ്പം ടി.എ.ജി.ക്ക് നൽകുകയും മറ്റൊരു കോപ്പി തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കുകയും വേണം.

11. 2010–11 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി അംഗീകാരം നേടുന്നതിലെ പ്രധാന പ്രവർത്തന ഘട്ടങ്ങൾ പൂർത്തിയാക്കേണ്ട തീയതികൾ ചുവടെ ചേർത്തിട്ടുണ്ട്. ഇതിൽ പദ്ധതി സമർപ്പിക്കുന്നതിനും അംഗീകാരം നേടുന്നതിനുമുള്ളവ ഒഴികെയുള്ള തീയതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൗകര്യാർത്ഥം മാറ്റം വരുത്താവുന്നതാണ്. എന്നാൽ പദ്ധതി സമർപ്പണത്തിനും അംഗീകാരം നേടുന്നതിനുമുള്ള അവസാന തീയതികൾ മാൻഡേറ്ററിയാണ്.

**11.1 2010–11 വാർഷിക പദ്ധതി**

| ക്രമ നം | പ്രവർത്തനങ്ങൾ | അവസാന തീയിതി |
|---|---|---|
| 1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘടന | 2010 ജനുവരി 5 |
| 2 | വർക്കിംഗ് ഗ്രൂപ്പുകൾ, വികസനാവസ്ഥ അപഗ്രഥനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കൽ | 2010 ജനുവരി 10 |
| 3 | ജില്ലാ ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2010–11 വാർഷിക പദ്ധതിയിൽ പാലിക്കേണ്ട ജില്ലാതല മുൻഗണനകൾ നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർക്കൽ | 2010 ജനുവരി 15 |
| 4 | ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങൾക്ക് മുൻപ് സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചന | 2010 ജനുവരി 15 |
| 5 | ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ | 2010 ജനുവരി 31 |
| 6 | ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പുനഃസംഘടന | 2010 ജനുവരി 31 |
| 7 | ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മറ്റ് തലങ്ങളിലെ പഞ്ചായത്തുകളുമായി കൂടിയാലോചന നടത്തൽ | 2010 ജനുവരി 31 |
| 8 | തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതി തയ്യാറാക്കൽ | 2010 ഫെബ്രുവരി 10 |
| 9 | വികസന സെമിനാർ | 2010 ഫെബ്രുവരി 15 |
| 10 | പ്രോജക്ടുകൾ തയ്യാറാക്കിയതിനു ശേഷം പദ്ധതിക്ക് അന്തിമ രൂപം നൽകി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന് സമർപ്പിക്കൽ | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2010 ഫെബ്രുവരി 25<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും – 2010 മാർച്ച് 1 |
| 11 | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2010 മാർച്ച് 10<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും – 2010 മാർച്ച് 15 |

**11.2 2010–11–ലെ പട്ടിക വർഗ്ഗ ഉപപദ്ധതി**

| ക്രമ നം | പ്രവർത്തനങ്ങൾ | അവസാന തീയതി |
|---|---|---|
| 1 | വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടന | 2010 ജനുവരി 5 |
| 2 | പശ്ചാത്തലം ഒരുക്കൽ, വികസാനവസ്ഥയുടെ അപഗ്രഥനം | 2010 ജനുവരി 10 |
| 3 | ഊരുക്കൂട്ട യോഗങ്ങൾ | 2010 ജനുവരി 31 |
| 4 | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ പദ്ധതി രൂപീകരണയോഗം | 2010 ഫെബ്രുവരി 5 |
| 5 | കരട് പദ്ധതിക്ക് അന്തിമ രൂപം നൽകൽ | 2010 ഫെബ്രുവരി 10 |
| 6 | വികസന സെമിനാർ | 2010 ഫെബ്രുവരി 15 |
| 7 | പദ്ധതിക്ക് അന്തിമ രൂപം നൽകി ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പിന്റെ പ്രത്യേക കമ്മിറ്റിക്ക് സമർപ്പിക്കൽ | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2010 ഫെബ്രുവരി 25<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും – 2010 മാർച്ച് 1 |
| 8 | ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2010 മാർച്ച് 10<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും – 2010 മാർച്ച് 15 |
| 9 | പദ്ധതി പ്രചാരണം | 2010 മാർച്ച് 31 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്